# പതിനാലാം കേരളനിയമസഭ
## അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2915 — 10.05.2017 ൽ മറുപടിയ്ക്ക്

### എൻഡോസൾഫാൻ ദുരിതബാധിതരുടെ കടം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്ത് എൻഡോസൾഫാൻ ദുരിതബാധിതരുടെ കടം എഴുതിത്തള്ളുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | എ) | പുറപ്പെടുവിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവരുടെ കടാശ്വാസം നൽകുന്നതുമായി ബന്ധപ്പെട്ട് മാനദണ്ഡങ്ങൾ ബാധകമാക്കിക്കൊണ്ട് ആരോഗ്യകുടുംബക്ഷേമ (ജി) വകുപ്പ് സ.ഉ. (എം.എസ്)നം.298/2014/ആ.കു.വ തീയതി 10.10.2014 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ ഏത് വകുപ്പിൽ നിന്നാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | ബി) | ആരോഗ്യകുടുംബക്ഷേമ (ജി) വകുപ്പ്, |
| സി) | പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കടം എഴുതിത്തള്ളുന്നതിന് എത്ര രൂപയാണ് വേണ്ടി വരുന്നത്; വിശദാംശം അറിയിക്കാമോ; | സി) | പ്രസ്തുത ഉത്തരവിൻ പ്രകാരം 50000 രൂപ വരെയുള്ള കടബാധ്യതകൾക്ക് 1.2 കോടി രൂപയും 50000 രൂപ മുതൽ 3 ലക്ഷം രൂപ വരെയുള്ള കടബാധ്യതകൾക്ക് 6 കോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട്. |
| ഡി) | മുൻസർക്കാരിന്റെ കാലത്ത് ഈ ഇനത്തിൽ എത്ര തുക അനുവദിച്ചിരുന്നു;വിശദാംശം അറിയിക്കാമോ; | ഡി) | മുൻ സർക്കാർ കാലയളവിൽ എൻഡോസൾഫാൻ ദുരിതബാധിതർ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള 559 ലോണുകൾ എഴുതിതള്ളുന്നതിലേയ്ക്കായി 94,96,499 രൂപയും ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള 50000 രൂപവരെയുള്ള 119 ലോണുകൾ എഴുതിത്തള്ളുന്നതിലേയ്ക്കായി 25,35,450 രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. (ആകെ 678 ലോണുകൾക്കായി 1,20,31,949 രൂപ) |
| ഇ) | ഇതിനായി സർക്കാരിൽ പ്രത്യേക അക്കൗണ്ട് ഓപ്പൺ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | ഇ) | ഇതിനായി പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ